# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 542 — 12.06.2012-ൽ മറുപടിയ്ക്ക്

## ഔഷധി തോട്ടത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഔഷധി തോട്ടത്തിന്റെ നടത്തിപ്പ് മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | എ) കുളത്തൂപ്പുഴ ഔഷധ തോട്ടത്തിലെ 250 ഓളം വിവിധ ഇനം സസ്യങ്ങൾ നിലവിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സംരക്ഷിച്ച് പരിപാലിച്ചുവരുന്നു. ഇതോടൊപ്പം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് ഔഷധത്തോട്ടം സന്ദർശിക്കുന്നതിനും പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നതിനും സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഔഷധ സസ്യ തോട്ടത്തിന്റെ ചുറ്റും ചെയിൻ ലിങ്ക് ഫെൻസിംഗ് നടത്തി സംരക്ഷിക്കുക, ഔഷധ സസ്യങ്ങളുടെ നഴ്സറി ഉണ്ടാക്കി തൈകൾ വിതരണം ചെയ്യുക, നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൂടുതൽ പ്രകൃതി പഠനക്ലാസ്സുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. |
| ബി) പ്രസ്തുത ഔഷധത്തോട്ടം തെന്മല ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ ? | ബി) ഇക്കോടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുവാനുള്ള പദ്ധതി പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ